"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തികുമാരി അമൃത വി.ആർ.ന്റെ പിതാവ് ശ്രീ രാജീവ് കുമാറിന് വീട് ലഭ്യമാക്കണമെന്ന ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് - അപേക്ഷാ സമയത്ത് മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്

സ.ഉ.(സാധാ) നം.617/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.112/2020/തസ്വഭവ തീയതി 27/07/2020
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/07/2024 ലെ എൽ എം 6/2356/2022 നമ്പർ കത്ത്
3. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 22/07/2024 ലെ സി.ആർ.എം.പി നമ്പർ: 6457/03/എൽഎ1/2022/കെഇഎസ്.സിപിസിആർ നമ്പർ ഉത്തരവ്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിലെ തെക്കേക്കര വലിയതറയിൽ ശ്രീ. രാജീവ് കുമാർ, ടിയാന്റെ മകൾ കുമാരി അമൃത.വി.ആർ നും മാതാപിതാക്കൾക്കും സഹോദരനും ഒപ്പം ഒരു ഷെഡിലാണ് താമസിക്കുന്നത്. ഭവനരഹിതർക്കുള്ള ആനുകൂല്യത്തിനായി ലൈഫ്-2020-ൽ ശ്രീ. രാജീവ് കുമാർ അപേക്ഷ നൽകിയിരുന്നെങ്കിലും, കുടുംബത്തിന് 25 സെന്റിൽ കൂടുതൽ ഭൂമി ഉള്ളതിനാൽ, പരാമർശം 1 ഉത്തരവിലെ അർഹതാ മാനദണ്ഡം "ഗ്രാമപഞ്ചായത്തുകളിൽ 25സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്" എന്നതു പ്രകാരം അപേക്ഷ നിരസിക്കുകയുണ്ടായി. തുടർന്ന് ലൈഫ് മിഷൻ പ്രകാരം വീട് ലഭിക്കുന്നതിന് കുമാരി അമൃത.വി.ആർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് ഹർജ്ജി സമർപ്പിച്ചിരുന്നു.

2. ഹർജിക്കാരിയുടെ അച്ഛൻ രാജീവ് കുമാറിനെ ലൈഫ് മിഷൻ പദ്ധതിയുടെ

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതും, വീട് അനുവദിക്കേണ്ടതുമായ നടപടികൾ സ്വീകരിക്കാൻ പരാമർശം 3 പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ലൈഫ് 2020 പൊതു വിഭാഗം അപേക്ഷകരിൽ ഉൾപ്പെട്ടിരുന്ന ഹർജിക്കാരിയുടെ കുടുംബത്തിന് 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടായിരുന്നു,അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുന്ന വീട് ഉണ്ടായിരുന്നു എന്ന കാരണങ്ങളാൽ ലൈഫ് പദ്ധതി ഗുണഭോക്താവായി അർഹത നേടിയില്ല. 2022 - ൽ പിതാവിന്റെ പേരിലുണ്ടായിരുന്ന 35 സെന്റ് വസ്തുവിൽ 20 സെന്റ് ഭൂമി സഹോദരന് ദാനമായി നൽകുകയും നിലവിൽ ടിയാളുടെ പേരിൽ 15 സെന്റ് സ്ഥലം മാത്രമാണ് നിലവിൽ ഉള്ളതെന്നും, ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ടിയാന് അപേക്ഷ നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവനപദ്ധതിയുടെ മാനദണ്ഡപ്രകാരം അർഹതയില്ലാത്തതിനാൽ അപേക്ഷാ സമയ പരിധി കഴിഞ്ഞതിന് ശേഷം സ്വന്തം പേരിലുണ്ടായിരുന്ന 35 സെന്റിൽ 20 സെന്റ് സ്ഥലം സഹോദരന് ദാനം നൽകി അർഹത സൃഷ്ടിച്ചെടുക്കുകയും പിന്നീട് ബാലാവകാശ കമ്മീഷന് അപേക്ഷ നൽകുകയും ചെയ്ത നടപടി തെറ്റായ പ്രവണത ആണ്. അപേക്ഷാ സമയപരിധിക്ക് ശേഷം ഏതെങ്കിലും തരത്തിൽ അർഹത ആർജിക്കുന്നത് കണക്കിലെടുത്ത് പട്ടികയിലുൾപ്പെടുത്തുന്നത് സമാന രീതിയിലുള്ള അപേക്ഷകൾ ധാരാളം ഉണ്ടാകാനിടയാക്കുമെന്നതിനാലും , അപേക്ഷാ സമയത്ത് മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും പ്രത്യേക അനുമതി നൽകി ലൈഫ് പട്ടികയിൽ ഉൾ പ്പെടുത്തി കുമാരി അമൃത വി.ആർ.ന്റെ പിതാവ് ശ്രീ രാജീവ് കുമാറിന് വീട് ലഭ്യമാക്കണമെന്ന കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് നടപ്പാക്കിയാൽ ടി നടപടി ഒരു തെറ്റായ കീഴ്വഴക്കമായി മാറുന്ന സാഹചര്യം സൃഷ്ടിക്കും . മേൽസാഹചര്യത്തിൽ ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽ കണമെന്ന പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിലെ തെക്കേക്കര വലിയതറയിൽ രാജീവ് കുമാറിന്റെ മകൾ കുമാരി അമൃത.വി.ആർ ന്റെ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

രജിസ്ട്രാർ, O/o കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

കുമാരി അമൃത വി.ആർ, വലിയതറയിൽ വീട് ചിറ്റാർ പി.ഒ, തെക്കേക്കര, പത്തനംതിട്ട - 689663

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 07-03-2025 10:46:38

സെക്ഷൻ ഓഫീസർ